# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30-11-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 185

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ് :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു.കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ ഉദ്ഘാടനത്തിന് ഒരുങ്ങുന്ന സ്വപ്ന പദ്ധതിയായ വിഴിഞ്ഞം മദർപോർട്ട് എന്തെല്ലാം പ്രതിസന്ധികളെ തരണം ചെയ്താണ് യാഥാർത്ഥ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രതിസന്ധികൾ തരണം ചെയ്യുകയും മറ്റ് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>1. **പാരിസ്ഥിതിക അനുമതി** : ഏതാണ്ട് 2 വർഷത്തോളം നീണ്ടു നിന്ന പാരിസ്ഥിതിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3 ന് പാരിസ്ഥിതിക അനുമതി ലഭ്യമാക്കി.<br>2. **ഭൂമി ഏറ്റെടുക്കൽ**: വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വേണ്ടി ഇതുവരെ മൊത്തം 280.28.964 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.<br>3. **പദ്ധതി പ്രദേശത്തെ പുനരധിവാസം**: വിഴിഞ്ഞം തുറമുഖ പദ്ധതി വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസം ആവശ്യമായി വരുന്നവരെ സ്ഥലവും വീടും നഷ്ടപ്പെടുന്നവർ, തൊഴിൽ ബാധിക്കുന്നവർ എന്നിങ്ങനെ 2 വിഭാഗങ്ങളായി തരം തിരിക്കുകയും അവർക്ക് നഷ്ടപരിഹാരം നൽകുന്ന നടപടികൾ സ്വീകരിച്ചുവരികയുമാണ്.<br>4. ഇതിനോടൊപ്പം തന്നെ കേന്ദ്ര സർക്കാരിന്റെ അനുമതിയോടു കൂടി വയബിലിറ്റി ഗ്യാപ്പ് |

ഫണ്ടിന് (V.G.F.) അംഗീകാരം ലഭ്യമാക്കുകയും പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

5. തുറമുഖത്തിന് ആവശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. ഇതുകൂടാതെ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുത തുറമുഖത്തിന്റെ പ്രവർത്തനം പൂർത്തിയാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 4 വർഷ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതിലേക്കുള്ള കരാറാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്ത് 17-ാം തീയതി ഒപ്പു വച്ചു

4 വർഷം കൊണ്ട് കൺസഷനയർ ഈ പദ്ധതി കരാർ പ്രകാരം പൂർത്തിയാക്കുവാൻ സർക്കാരിന്റെ ഭാഗത്ത് നിന്നും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കരാർ വ്യവസ്ഥ പ്രകാരമുള്ള സർക്കാർ കാര്യങ്ങൾ ചെയ്യുന്നതിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ടി കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു ഓഡിറ്ററേയും ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ